**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4967**

**23.03.2018-ൽ മറുപടിയ്ക്ക്**

**വെഞ്ഞാറമൂട്ടിൽ കെ.എസ്.എഫ്.ഡി.സി തിയറ്റർ സമുച്ചയം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഡി.കെ.മുരളി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ വെഞ്ഞാറമൂട്ടിൽ കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ തിയറ്റർ സമുച്ചയം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) യും (ബി) യും കെ.എസ്.എഫ്.ഡി.സി.യുടെ തിയേറ്റർ നിർമ്മാണ പദ്ധതിയ്ക്കായി ബഹു.എം.എൽ.എ. ശ്രീ.ഡി.കെ.മുരളി അവർകൾ നിർദ്ദേശിച്ച നെല്ലനാട് ഗ്രാമപഞ്ചായത്ത് വക സ്ഥലം അനുയോജ്യമാണ് എന്ന് കണ്ടെത്തുകയും തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്തിരുന്നു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ കാരണം ടി സ്ഥലം പ്രസ്തുത പദ്ധതിയ്ക്കായി വിട്ടുനൽകുവാൻ കഴിയില്ല എന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അറിയിച്ചതിനെ തുടർന്ന് തുടർനടപടികൾ സ്വീകരിക്കുവാൻ കെ.എസ്.എഫ്.ഡി.സി.യ്ക്ക് കഴിഞ്ഞിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ തിയേറ്റർ നിർമ്മാണ പദ്ധതിയിൽ ടി സ്ഥലവും ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ